**പ്രസ് റിലീസ് 21-08-2018**

**ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ ഓഫീസ്**

## പ്രളയ ദുരന്തം: സാന്ത്വനത്തിനു വിദഗ്ധരുടെ പ്രവാഹം

ഒറ്റ ദിവസം കൊണ്ട് തയ്യാറായത് 3200 പ്രൊഫഷണലുകൾ

തിരുവനന്തപുരം: ദുരന്തംവിതച്ച പ്രദേശങ്ങളിൽ സാന്ത്വന പ്രവർത്തനങ്ങൾക്കായ് വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ 3200 ഓളം പ്രൊഫഷണലുകൾ അടങ്ങുന്ന സാന്ത്വന സംഘം വെള്ളിയാഴ്ച മുതൽ രംഗത്തിറങ്ങുമെന്ന് ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ. എം.എസ്. ഡബ്ല്യു മനശാസ്ത്രം, കൗൺസിലിംഗ്, ഡിസാസ്റ്റർ മാനേജ്മെന്റ് തുടങ്ങിയ കോഴ്സുകൾ കഴിഞ്ഞ വരാണ് ഇതിനായി സന്നദ്ധരായി മുന്നോട്ടു വന്നതെന്നും മന്ത്രി പറഞ്ഞു.

സന്നദ്ധ പ്രവർത്തനത്തിന് തയ്യാറായവരിൽ നിന്നും വനിതാ ശിശു വികസന വകുപ്പ് നവമാധ്യമങ്ങൾ വഴി അപേക്ഷ ക്ഷണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ദിവസം കൊണ്ട് തന്നെ 3200 ഓളം പ്രൊഫഷണലുകൾ മുന്നോട്ടു വന്നു. ദുരന്തം വിതച്ച സ്ഥലങ്ങളിൽ ഉണ്ടാവാൻ ഇടയുള്ള ആത്മഹത്യകൾ, തീർത്തും ദുർബലരായവർക്കിടയിൽ നടക്കാൻ സാധ്യതയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവ തടയലും ദുരന്താനന്തര സാന്ത്വന ചികിത്സ, നഷ്ട്ടപെട്ട രേഖകൾ പുന:സംഘടിപ്പിക്കാനുള്ള സഹായം തുടങ്ങി കാര്യങ്ങൾ ഈ സാന്ത്വന സംഘം വഴി ഏകോപിപിക്കുകയാണ് വകുപ്പിന്റെ ഉദ്ദേശം. ബംങ്കളൂരിലെ നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് ആണ് പ്രസ്തുത പദ്ധതിക്കായ് സാന്ത്വന സംഘത്തിന് ആവശ്യമായ അവബോധവും മാർഗ നിർദേശങ്ങളും നൽകുക.

ദുരന്തത്തിനിരയായ ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കോട്ടയം ജില്ലകളിലാണ് സന്നദ്ധ പ്രവർത്തകരായ പ്രൊഫഷണലുകൾ സഹായവുമായ് പ്രവർത്തിക്കുക. പരിശീലനം നല്കുവനായും പ്രവർത്തനത്തിൽ പങ്കുചേരുവാനായും

ബംഗളൂരിലെ നിംഹാൻസ് സൈക്ക്യാട്രിക്ക് സേഷ്യൽവർക്ക് വിഭാഗത്തിൽനിന്നും ഓരോ സംഘം അതാതു ജില്ലയിൽ വ്യാഴാഴ്ച രാവിലെ എത്തും .

അതാതു ജില്ലയിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പദ്ധതി ഏകോപിപ്പിക്കും. നിലവിലുള്ള സാമൂഹ്യ മന:ശാസ്ത്ര ഇടപെടൽ സംവിധാനമായ കാവൽ പദ്ധതിയിൽ ഉൾപ്പെടുന്ന സന്നദ്ധ സംഘടനകളുടെ സഹായവും പദ്ധതിക്കായി തേടും. ഓരോ ജില്ലയ്ക്കും 76,000 രൂപ വീതം വകുപ്പിൽ നിന്നും ഇതിനായി അനുവദിച്ചിട്ടുണ്ട്. താഴെ പറയുന്ന കാര്യങ്ങളിൽ ഊന്നികൊണ്ടയിരിക്കും സാന്ത്വന സംഘങ്ങൾ പ്രവർത്തിക്കുക

1. ദുരന്തം മുന്നിൽ കണ്ടവർക്കുള്ള സാന്ത്വനം
2. ആത്മഹത്യ പ്രതിരോധം
3. നഷ്ട്ടപെട്ട രേഖകൾ സംഘടിപിക്കാനുള്ള മാർഗ നിർദേശങ്ങൾ
4. സ്ത്രീകൾക്കുള്ള സാമൂഹ്യ-മനശാസ്ത്ര സംരക്ഷണ പ്രവർത്തനങ്ങൾ
5. കുട്ടികൾക്കുള്ള-സാമൂഹ്യ-മനശാസ്ത്ര സംരക്ഷണ പ്രവർത്തനങ്ങൾ
6. മനുഷ്യക്കടത്ത് പ്രതിരോധം

വികസിത രാജ്യങ്ങളിൽ ഓരോ ദുരന്തത്തിനു ശേഷവും വിശദമായ പോസ്റ്റ് ട്രോമാറ്റിക്ക് കൗൺസിലിംഗും അനുബന്ധ ഇടപെടലുകളും നടക്കാറുണ്ട്. ഇതേ മാതൃകയിൽ ഭാവിയിലും ഇടപെടനായി സംഘങ്ങളെ രൂപീകരിക്കുക എന്നത് കൂടിയാണ് ഈ പദ്ധതിയുടെ ഉദ്ദേശം.